**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1987** **20-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ പാൽ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പാലുല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിംഗ് സബ്ഡിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ഗുണനിലവാരമുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്ത് ആധുനികവത്കരിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.<br><br>**<u>തീറ്റപ്പുൽകൃഷി വികസനം</u>**<br><br>പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനായി ധനസഹായത്തോടുകൂടിയ തീറ്റപ്പുൽകൃഷി, തരിശ് ഭൂമിയിൽ തീറ്റപ്പുൽകൃഷി, തീറ്റപ്പുൽകൃഷി വികസനത്തിൽ ആധുനികവത്കരണവും, യന്ത്രവത്കരണവും ഉൾപ്പെടുന്നു.<br><br>**<u>മിൽക്ക് ഷെഡ് വികസന പദ്ധതി</u>**<br><br>പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഉരുക്കളെ വാങ്ങുന്ന പദ്ധതി, കിടാരി വാങ്ങൽ പദ്ധതി, തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരഗ്രാമം പദ്ധതി, കറവയന്ത്രം പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണപദ്ധതി, ഡയറിഫാമുകളുടെ ആധുനികവത്കരണവും, യന്ത്രവത്കരണവും, ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി, പ്രത്യേക മേഖലകളുടെ വികസനത്തിനായി ക്ഷീരലയം, ക്ഷീരതീരം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.<br><br>**<u>കാലിത്തീറ്റ വിതരണ പദ്ധതി</u>** |

| | | | |
|---|---|---|---|
| | | | ഉത്പാദന ചെലവ് കുറയ്ക്കുന്നതിനായി ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ, സൈലേജ്, പച്ചപ്പുല്ല്, ടി.എം.ആർ, വൈയ്ക്കോൽ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**<u>ക്വാളിറ്റികൺട്രോൾ ലാബുകളുടെ ശാക്തീകരണം</u>**<br><br>പ്രസ്തുത പദ്ധതിയിലൂടെ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>മേൽ വിശദീകരിച്ച പദ്ധതികൾ കൂടാതെ ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ക്ഷീരമേഖലയ്ക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും സംസ്ഥാനത്തെ പാലുല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് സഹായിക്കുന്നു.<br><br>വകുപ്പിന്റെ ഓരോ പദ്ധതിയും പ്രത്യക്ഷമായോ പരോക്ഷമായോ പാൽ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നതിനാൽ സംസ്ഥാനത്തെ പാൽ ഉല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ഇവ സഹായകരമാകുന്നതാണ്. |
| (ബി) | പാലുല്പാദനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 8 വർഷങ്ങളിലുണ്ടായ മാറ്റം വിശദമാക്കുമോ? | (ബി) | കഴിഞ്ഞ എട്ട് വർഷങ്ങളിലായി പാൽ ഉല്പാദനം ഒരു പരിധി വരെ സ്ഥായിയായി നിലനിർത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. മഹാപ്രളയവും, കോവിഡും പാലുല്പാദനം ഗണ്യമായി കുറച്ചുവെങ്കിലും വകുപ്പിന്റെ ചിട്ടയായ ആസൂത്രണവും, മികവാർന്ന പദ്ധതി പ്രവർത്തനങ്ങളും കാരണം പാൽ ഉത്പാദനത്തിൽ ഉണ്ടായ കുറവ് നികത്തുന്നതിന് കഴിഞ്ഞു.<br><br>ഓരോ സാമ്പത്തിക വർഷവും ക്ഷീരമേഖലയ്ക്ക് അനുവദിച്ചു നൽകുന്ന ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനും ആയത് പൂർണ്ണമായും കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും വകുപ്പ് ശ്രമിക്കുന്നു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ഉപഭോഗത്തിനായി അന്യസംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന പാലിന്റെ അളവ് ഗണ്യമായി കുറയുകയും, കേരളത്തിലെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാലിന് മികച്ച വില ലഭ്യമാക്കുന്നതിന് സാധിക്കുകയും ചെയ്തു. ഗുണനിലവാരമുള്ള പാൽ ഉത്പാദനം സാധ്യമാക്കാനും ആയത് ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കളിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനും, മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ പ്രസക്തി സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും ആയതിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷത്തെ മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പ്രതിദിന ശരാശരി പാൽസംഭരണവുമായി താരതമ്യം ചെയ്യുമ്പോൾ 2023-24 സാമ്പത്തിക വർഷത്തെ സംഭരണത്തിൽ 19.6 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ